(സി) ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ ആരും തന്നെ ജയിലുകളിൽ ഇപ്പോൾ ഇല്ല.

(ഡി) ഉണ്ട്.

ജയിൽ മോചിതരുടെ യാത്രാബത്ത

56 [819] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജയിലുകളിലായി ഇപ്പോൾ ആകെ എത്ര തടവുകാരാണ് ഉള്ളത്; അതിൽ സ്ത്രീ തടവുകാർ എത്ര;

(ബി) ഈ തടവുകാരുടെ താമസം, ക്ഷേണം, ജോലിയുടെ കൂലി എന്നിവ മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജയിലിൽനിന്നും വിടുതൽ ചെയ്യുന്ന തടവുകാർക്ക് യാത്രാബത്ത നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ അത് പാലിക്കപ്പെടാറുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ ആകെ 6459 തടവുകാരുണ്ട്. അതിൽ 199 സ്ത്രീ തടവുകാരാണ്.

(ബി) ഉണ്ട്.

(സി) വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ പാലിക്കപ്പെടാറുമുണ്ട്.

ജയിൽ ജീവനക്കാർക്ക് ധനകാര്യ രജിസ്റ്റർ

57 [820] ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ക്രമക്കേടുകൾ ഉണ്ടെന്നു വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു തടയാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) അഴിമതി ഒഴിവാക്കുവാൻ ജയിൽ ജീവനക്കാരുടെ കൈവശം ഉള്ള പണത്തെപ്പറ്റി ധനകാര്യ രജിസ്റ്റർ ഉണ്ടാക്കാനുള്ള നടപടിയുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന് ലഭിച്ച പരാതികളിൽ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജയിലിലെ അഴിമതികളെക്കുറിച്ചു വന്ന പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ ജയിലുകളിലും ഉദ്യോഗസ്ഥർ ഓരോ ദിവസവും ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനു മുമ്പായി തങ്ങളുടെ പക്കലുള്ള പണത്തിന്റെ കണക്ക് കൃത്യമായി അതാത് സ്ഥാപനങ്ങളിലെ "പേഴ്സണൽ ക്യാഷ് രജിസ്റ്ററിൽ" രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം പൂർണ്ണമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുമുണ്ട്.

ജീവപര്യന്തം തടവുകാരുടെ മോചനം.

58 [821] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8 വർഷം തടവ് പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുന്നതിൽ ജസ്റ്റീസ് ഹരിഹരൻ നായർ അദ്ധ്യക്ഷനായുള്ള ജയിൽ റിവ്യൂ കമ്മിറ്റി ശുപാർശ ചെയ്തവരെ മോചിപ്പിക്കുന്നതിനുള്ള ഉത്തരവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുന്നതിന് ജയിൽ റിവ്യൂ കമ്മിറ്റി സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു.

(സി) ശിക്ഷ ഇളവുചെയ്ത് തടവുകാരെ വിട്ടയയ്ക്കുന്നതിന് കാലവിളംബം ഉണ്ടാകാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജയിൽ റിവ്യൂ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു.

(ബി) യഥാർത്ഥ ശിക്ഷ എട്ടു വർഷം പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരെ അവരുടെ കുറ്റകൃത്യത്തിന്റെ സ്വഭാവം, വിട്ടയച്ചാൽ സമൂഹത്തിൽ ഉണ്ടായേക്കാവുന്ന പ്രതികരണം, ജയിലിലെ സ്വഭാവം, പോലീസ്/പ്രൊബേഷൻ ഓഫീസർമാരുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ച് വിടുതൽ ചെയ്താൽ സമൂഹത്തിൽ ഉത്തമ പൗരൻമാരായി ജീവിക്കുമെന്ന് കമ്മിറ്റിക്ക് ബോദ്ധ്യമാകുന്നവരെയാണ് വിടുതലിനായി കമ്മിറ്റി ശുപാർശ ചെയ്യുന്നത്. വാടകക്കൊലയാളികൾ, കൊലപാതകം തൊഴിലാക്കിയിട്ടുള്ളവർ, ജാതിയുടേയോ, മതത്തിന്റേയോ വർഗ്ഗത്തിന്റേയോ പേരിൽ കൊലപാതകം നടത്തിയിട്ടുള്ളവർ, ദേശസുരക്ഷയ്ക്ക് എതിരായ കുറ്റം ചെയ്തവർ, കള്ളക്കടത്തുമായി ബന്ധപ്പെട്ട കൊല നടത്തിയവർ, ജയിൽ ഉദ്യോഗസ്ഥൻ, ജയിൽ സന്ദർശകർ, ഔദ്യോഗിക കൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ കൊലപ്പെടുത്തിയവർ, പരോളോ വ്യവസ്ഥകളോ മനഃപൂർവ്വം ലംഘിച്ചിട്ടുള്ളവർ, ലൈംഗിക പീഡനാത്തുടർന്നും കൂട്ടബലാത്സംഗത്തിനും സ്ത്രീകളേയും കുട്ടികളേയും കൊലപ്പെടുത്തിയവർ, മയ്ക്കുമരുന്ന് നിരോധന നിയമപ്രകാരം ശിക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലുള്ള ജീവപര്യന്തം തടവുകാരുടെ കേസുകൾ ഒഴിവാക്കി മറ്റുള്ളവയാണ് കമ്മിറ്റി പരിഗണിച്ചിട്ടുള്ളത്.

(സി) പ്രിസൺ റിവ്യൂ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ നിലവിലുള്ള മാനദണ്ഡങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly